മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *151......ശ്രീ. റോജി എം. ജോൺ...

ഫാർമ പാർക്ക്

*151. ശ്രീ.റോജി എം. ജോൺ:
,, വി. പി. സജീന്ദ്രൻ:
,, വി. എസ്. ശിവകുമാർ:
,, അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും കായികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്ന് നിർമ്മാണത്തിനും ഗവേഷണത്തിനും മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനുമായി ഫാർമ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) എവിടെയാണ് ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ടിന് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും കായികവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) സംസ്ഥാനത്ത് മരുന്ന് നിർമ്മാണത്തിനും ഗവേഷണത്തിനും മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനുമായി ഫാർമ പാർക്ക് സ്ഥാപിക്കാൻ

ഗവൺമെന്റിന് ഉദ്ദേശ്യമുണ്ട്..........(ബഹളം).............

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ വേദിയുടെ അടുത്ത് വന്ന് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തു.)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ചോദ്യം എടുത്തില്ലല്ലോ..

<u>മി. സ്പീക്കർ</u>: സീറ്റിൽ എഴുന്നേറ്റ് നിന്നില്ലേ... ശ്രീ. റോജി എം. ജോണിന്റെ പേര് വിളിച്ചു. പേര് വിളിച്ചല്ലോ...

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ ചോദ്യം ഫ്ലോറിൽ എത്തിയിട്ടില്ല.

<u>മി. സ്പീക്കർ</u>: ഫ്ലോറിൽ എത്തിയതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത്. ശ്രീ. റോജി എം. ജോൺ........അങ്ങ് സീറ്റിൽ എഴുന്നേറ്റ് നിൽക്കുകയല്ലേ.... അങ്ങ് ചോദ്യം ചോദിക്കുന്നുണ്ടോ? ശ്രീ. റോജി എം. ജോൺ......നിങ്ങൾ എന്തെങ്കിലും ഒന്ന് തീരുമാനിക്കു.......(ബഹളം)...........ശ്രീ. റോജി എം. ജോൺ...........ചോദ്യം ചോദിക്കുന്നുണ്ടോ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഈ നിയമസഭയിലെ ചില അംഗങ്ങൾ ഈ സർക്കാരിന്റെ തെറ്റായ നടപടിയിൽ പ്രതിഷേധിച്ച് നിരാഹാര സമരം കിടക്കുന്ന അവസരത്തിൽ.............(മൈക്ക് ഓഫ്)............(ബഹളം).........

<u>മി. സ്പീക്കർ</u>: ഇതാണോ ചോദ്യം?.............ചോദ്യം ചോദിക്കുന്നുണ്ടോ? ചോദ്യത്തിന്റെ ഉത്തരം സഭയിൽ വരണ്ടേ?......(ബഹളം).........മൈക്ക് കൊടുക്കു.....

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പറഞ്ഞു..... ചോദ്യം ചോദിക്കുന്നില്ല..... (ബഹളം).......

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്........(ബഹളം).......

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ആറ് ദിവസമായി നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ആറ് ദിവസമായിട്ട് നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുന്ന എം.എൽ.എ.-മാരെ വിളിച്ചൊന്ന് ചർച്ച ചെയ്യാൻ പോലും ഗവൺമെന്റ് തയ്യാറാകുന്നില്ല. വളരെ ഗുരുതരമായൊരു അവസ്ഥയാണ്. ...... (ബഹളം).......

<u>മി. സ്പീക്കർ</u>: പ്ലീസ്........പ്ലീസ്.......അങ്ങേയ്ക്ക് സമയമനുവദിച്ചാൽ പോരെ?.....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സഭാനാഥനെന്നുള്ള നിലയിൽ അങ്ങയുടെ ഇടപെടൽ അനിവാര്യമായ ഘട്ടമാണിത്. ആറ് ദിവസമായി എം.എൽ.എ.-മാർ ഇവിടെ നിരാഹാരം അനുഷ്ഠിക്കുമ്പോൾ അവരെ വിളിച്ച് ചർച്ച ചെയ്യാനോ ഈ പ്രശ്നത്തിന് പരിഹാരം കാണാനോ ഗവൺമെന്റ് തയ്യാറാകാത്തത് ഏറ്റവും തെറ്റായ നടപടിയാണ്.....(ബഹളം).......

<u>മി. സ്പീക്കർ</u>: ബഹുമാന്യനായ പ്രതിപക്ഷ നേതാവേ......അങ്ങേയ്ക്ക് സമയമനുവദിച്ചാൽ പോരെ?.....ഇപ്പോൾ സംസാരിക്കണോ?......സഭാ

നടപടിക്രമങ്ങളുമായി സഹകരിക്കണം.........(ബഹളം).......

ശ്രീ. രമേശ് ചെന്നിത്തല: സ്പീക്കർ എന്നുള്ള നിലവിൽ അങ്ങ് മുന്നോട്ട് വരേണ്ടതാണ്. ഇത് ശരിയായ നടപടിയല്ല. ഈ സംസ്ഥാനത്ത്, കേരള നിയമസഭയിൽ എത്രയോ സന്ദർഭങ്ങളിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട്. എത്രയോ സന്ദർഭങ്ങളിൽ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ആദ്യമായിട്ടാണോ എം.എൽ.എ.-മാർ നിയമസഭയിൽ നിരാഹാരം കിടക്കുന്നത്? നിയമസഭയുടെ ചരിത്രം പരിശോധിക്കുക. എത്രയോ കാലഘട്ടങ്ങളിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട്..... (ബഹളം).......

മി. സ്പീക്കർ: അങ്ങേയ്ക്ക് അറിയാവുന്നതല്ലേ? അങ്ങേയ്ക്ക് സമയമനുവദിച്ചാൽ പോരെ?.........(ബഹളം).......പ്ലീസ്...പ്ലീസ്.........അങ്ങ് ദയവായി സഹകരിക്കണം........(ബഹളം).......

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ സമരങ്ങളിലൊക്കെ എടുത്ത നിലപാടാണോ ഗവൺമെന്റ് സ്വീകരിക്കുന്നത്? അങ്ങേയ്ക്ക് ഉത്തരവാദിത്വമില്ലേ? സ്പീക്കർ എന്നുള്ള നിലയിൽ അങ്ങ് ഇക്കാര്യത്തിൽ ഇടപെടേണ്ടേ? ഈ സംസ്ഥാനത്ത് ആദ്യമായിട്ടാണോ കേരള നിയമസഭയിൽ എം.എൽ.എ.-മാർ നിരാഹാരം കിടക്കുന്നത്?........(ബഹളം).......

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....അങ്ങേയ്ക്ക് സംസാരിക്കാൻ പിന്നീട് സമയം

നൽകിയാൽ പോരെ?....ദയവായി....സഹകരിക്കണം....(ബഹളം).......

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ ഗവൺമെന്റിന്റെ നിഷേധാത്മകമായ നയമല്ലേ ഇത്?....തെറ്റായ നടപടിയല്ലേ?.....ഞങ്ങൾ ജനങ്ങളെ ബാധിക്കുന്ന പ്രശ്നമല്ലേ ഉയർത്തിപ്പിടിക്കുന്നത്?.....ഞങ്ങൾ ഉയർത്തിപ്പിടിക്കുന്ന പ്രശ്നങ്ങൾ...... (ബഹളം)........

മി. സ്പീക്കർ: ....ദയവായി സഹകരിക്കൂ....(ബഹളം).......

ശ്രീ. രമേശ് ചെന്നിത്തല: അതിനെപ്പറ്റി ഗവൺമെന്റ്..... നിരാഹാരം കിടക്കുന്ന സാഹചര്യത്തിൽ അതേപ്പറ്റി ചർച്ച ചെയ്യാൻ മുന്നോട്ട് വരണ്ടേ? അക്കാര്യത്തിൽ തെറ്റായ നടപടിയല്ലേ ഇവിടെ ഉണ്ടായത്? അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞങ്ങൾ ഈ സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ സഹകരിക്കാൻ തയ്യാറാണ്. സഭാനടപടികളെ സംബന്ധിച്ചിടത്തോളം ഞങ്ങളാരും സഭാനടപടികൾ അനാവശ്യമായി തടസ്സപ്പെടുത്താൻ ആഗ്രഹിക്കുന്നവരല്ല. പക്ഷെ ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇത്തരമൊരു കാര്യം ചെയ്യുമ്പോൾ ഈ ഗവൺമെന്റിന്റെ സമീപനം ഇതാണോ? ഇത് ശരിയാണോ? ജനാധിപത്യത്തിൽ ഈ സമീപനം ശരിയാണോ? അതുകൊണ്ട് ചോദ്യോത്തരസമയം നിർത്തിവച്ചുകൊണ്ട്

ഇക്കാര്യത്തിൽ അടിയന്തരനടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ചോദ്യോത്തരസമയം സസ്പെന്റ് ചെയ്യണം.

മി. സ്പീക്കർ: എന്ത് നടപടി?

ശ്രീ. രമേശ് ചെന്നിത്തല: സർ, ചോദ്യോത്തരസമയം സസ്പെന്റ് ചെയ്യാൻ നടപടിയെടുക്കണം. ചർച്ചയ്ക്ക് വിളിക്കണം......(ബഹളം)....

മി. സ്പീക്കർ: അങ്ങേയ്ക്ക് അറിയാം..... ദയവായി ഞാൻ പറയുന്നത് കേൾക്കൂ.... നിയമസഭാ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടും നിയമസഭാ സാമാജികരുടെ സമരവുമായി ബന്ധപ്പെട്ടും മാത്രമാണ് ചെയറിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. സർക്കാരിന്റെ നയപരമായ കാര്യങ്ങളിൽ ചെയറിന് ഇടപെടാൻ സാധിക്കുകയില്ലായെന്ന് അങ്ങേയ്ക്ക് നന്നായി അറിയാവുന്നതാണ്. അങ്ങേയ്ക്ക് നന്നായിട്ട് അറിയാവുന്നതാണ്. നിരന്തരമായി നടപടിക്രമങ്ങൾ തുടക്കം മുതലേ തടസ്സപ്പെടുത്തുന്ന രീതി ശരിയല്ല. ഈ സഭയിൽ ഒരുപാട് ധനാഭ്യർത്ഥനകളും ഉപധനാഭ്യർത്ഥനകളും ചർച്ച ചെയ്യേണ്ടതുണ്ട്......... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് മൈക്ക് കൊടുക്കൂ....

ശ്രീ. രമേശ് ചെന്നിത്തല: സർ, നിരാഹാരസമരം നടത്തുന്ന എം.എൽ.എ.-മാരെ അങ്ങ് സന്ദർശിക്കുന്നുണ്ട്. അങ്ങ് അവരുടെ കാര്യങ്ങൾ നോക്കുന്നുണ്ട്. ഞങ്ങൾക്ക് അങ്ങയോട് പരാതിയില്ല. പക്ഷെ ഗവൺമെന്റിന്റെ നടപടികളിൽ

ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. അത് ഞങ്ങൾക്ക് അങ്ങയോടല്ലാതെ മറ്റാരോടെങ്കിലും പറയാൻ സാധിക്കുമോ? അങ്ങയോടല്ലേ പറയാൻ പറ്റൂ.....

മി. സ്പീക്കർ: സഭാസാമാജികരുടെ സമരവുമായി ബന്ധപ്പെട്ട് വീണ്ടും ഒരു സമവായ ചർച്ചയ്ക്ക് ചെയർ ശ്രമിക്കുന്നതാണ്. ദയവായി സീറ്റിലേയ്ക്ക് പോകണം.... ദയവായി സീറ്റിലിരുന്ന് സഹകരിക്കണം........

ശ്രീ. രമേശ് ചെന്നിത്തല: സർ, ചോദ്യോത്തരസമയം സസ്പെന്റ് ചെയ്തുകൊണ്ട് ................അത് നടക്കില്ല........(ബഹളം)............(മൈക്ക് ഓഫ്)............

മി. സ്പീക്കർ: ദയവായി സഹകരിക്കണം...... ദയവായി സഹകരിക്കണം........... ഒരു സമവായ ശ്രമത്തിന് ചെയർ ശ്രമം നടത്തുന്നതാണ്...... ദയവായി സഹകരിക്കണം......അംഗങ്ങൾ സറ്റീലേയ്ക്ക് മടങ്ങിപോകണം.... പ്ലീസ്...പ്ലീസ്.....(ബഹളം).............അംഗങ്ങൾ ദയവായി സറ്റീലേക്ക് മടങ്ങിപോകണം...സാമാജികരുടെ സമരവുമായി ബന്ധപ്പെട്ട് ഒരു സമവായ ചർച്ചയ്ക്ക് ചെയർ വീണ്ടും ശ്രമിക്കുന്നതാണ്. ദയവായി അംഗങ്ങൾ സീറ്റിലേയ്ക്ക് പോയി നടപടിക്രമങ്ങളുമായി സഹകരിക്കണം........ (ബഹളം).......നടപടി ക്രമങ്ങളുമായി ദയവായി സഹകരിക്കണം. സഭയുടെ നടപടിക്രമങ്ങൾ നിരന്തരമായി തടസ്സപ്പെടുത്തുന്നത് ശരിയല്ല....... ലോകം മുഴുവൻ ഇത് കാണുന്നുണ്ടെന്ന് നിങ്ങൾ ഓർമ്മിക്കണം.... ഒരേ ഒരു പ്രശ്നം മാത്രമല്ല സഭയിൽ

ചർച്ചചെയ്യാനുള്ളത്. കഴിഞ്ഞ അഞ്ച് ദിവസമായി ഒരേ ഒരു പ്രശ്നത്തിലാണ് അടിയന്തര പ്രമേയമുൾപ്പടെ ചർച്ച നടന്നുകൊണ്ടിരിക്കുന്നത്. ഈ നാട്ടിലെ സാധാരണക്കാരായ മനുഷ്യരുടെ നിരവധിയായ പ്രശ്നങ്ങൾ ഉയർന്നുവരേണ്ട ഒരു സഭാ വേദിയാണിത്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളിൽ ഗൗരവമേറിയ ചർച്ചകൾ നടക്കേണ്ടതുണ്ട്. അതെല്ലാം തടസ്സപ്പെടുത്തി നിരന്തരമായൊരൊറ്റ വിഷയത്തിൽ സഭ തടസ്സപ്പെടുത്തുന്നത് മര്യാദയല്ല.......... (ബഹളം)......അതാണ് ചെയർ അറിയിച്ചത്. ദയവായി സീറ്റിലേക്ക് മടങ്ങിപോകണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്....ദയവായി സഹകരിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരു എം.എൽ.എ. ശ്രീ. അനൂപ് ജേക്കബിനെ ആശുപത്രിയിലേയ്ക്ക് മാറ്റി. മറ്റ് എം.എൽ.എ.-മാരുടെ സ്ഥിതി ഗുരുതരമാണ് എന്ന് ഡോക്ടർ ഇപ്പോൾ റിപ്പോർട്ട് ചെയ്തു. ചോദ്യോത്തരവേള നിർത്തിവച്ചുകൊണ്ട് അങ്ങ് ചർച്ചയ്ക്ക് വിളിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ദയവായി അങ്ങ് ഇതിന്റെ ഗൗരവ സ്വഭാവം മനസ്സിലാക്കണം. ഞങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്താൻ താല്പര്യമുള്ളവരല്ല. ഞങ്ങൾ അങ്ങയോട് സഹകരിക്കാൻ താല്പര്യമുള്ളവരാണ്. സഭാനടപടികൾ നല്ലരീതിയിൽ നടക്കണമെന്ന് ആഗ്രഹമുള്ളവരാണ്. പക്ഷെ ഒരു എം.എൽ.എ. ശ്രീ. അനൂപ് ജേക്കബിനെ ആശുപത്രിയിലേയ്ക്ക് മാറ്റുകയും മറ്റ് രണ്ട്

എം.എൽ.എ.-മാരുടെ സ്ഥിതി ഗുരുതരമാകുകയും ചെയ്ത സാഹചര്യത്തിൽ ചോദ്യോത്തരവേള സസ്പെന്റ് ചെയ്തുകൊണ്ട് അങ്ങ് കക്ഷിനേതാക്കളുടെ യോഗം വിളിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ചർച്ചയ്ക്ക് വിളിക്കാമെന്നാണല്ലോ ഞാൻ പറഞ്ഞത്...... (ബഹളം)............... ചോദ്യോത്തരവേള നിർത്തിവച്ചിരിക്കുന്നു......

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ വേദിയുടെ അടുത്ത് വന്ന് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തതിനാൽ ചോദ്യോത്തരവേള റദ്ദ് ചെയ്തുകൊണ്ട് രാവിലെ 8.38-ന് അല്പസമയത്തേയ്ക്ക് സഭാനടപടികൾ നിർത്തിവച്ചു.)